# അമൃതാനന്ദമയിയെ ലൊസാഞ്ചലസിൽ ആദരിച്ചു

ലൊസാഞ്ചലസ്: മാതാ അമൃതാനന്ദമയിക്ക് ലൊസാഞ്ചലസ് നഗരത്തിന്റെയും കൗണ്ടിയുടെയും ഹൃദ്യമായ സ്വീകരണം.

ഇവിടത്തെ ഒരു കോടി ജനങ്ങളുടെ പേരിൽ അമ്മയെ ആദരിക്കുന്ന മംഗളപത്രം കൗണ്ടി ബോർഡ് ഓഫ് സൂപ്പർവൈസേഴ്സിനുവേണ്ടി ചടങ്ങിൽ സമർപ്പിച്ചു.

ലോകമെമ്പാടും ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് അമ്മ നൽകുന്ന സമർപ്പിത സേവനവും ലൊസാഞ്ചലസിലെ ജനങ്ങൾക്കു നൽകിയ സംഭാവനകളും മുൻനിർത്തിയാണ് ബഹുമതി.

വർണ – വർഗ വ്യത്യാസമില്ലാത്ത പ്രവർത്തന മണ്ഡലത്തിനുടമയാണ് അമൃതാനന്ദമയി. ദുഃഖിതരുടെ മുറിവുണക്കുന്നതിലും സേവന പ്രവർത്തനങ്ങൾ നടത്തുന്നതിലും അവർ ഒരുവിധ വിവേചനവും കാട്ടുന്നില്ല– മംഗളപത്രം നൽകിക്കൊണ്ട് സൂസൻ നിസ്മാൻ അനുസ്മരിച്ചു.

ലൊസാഞ്ചലസിലേക്ക് സ്വാഗതം ചെയ്തുകൊണ്ടുള്ള ഔദ്യോഗിക പത്രിക ഷെറി ആഡംസ് സമ്മാനിച്ചു.

ലൊസാഞ്ചലസിന്റെ മഹാമനസ്കതയുടെയും സ്നേഹവാൽസല്യങ്ങളുടെയും പ്രതീകമാണ് ഈ ചടങ്ങെന്ന് അനുഗ്രഹപ്രഭാഷണത്തിൽ അമൃതാനന്ദമയി പറഞ്ഞു.

“സ്നേഹത്തെ ഉള്ളിൽ പൂട്ടിവയ്ക്കാൻ ഒരു താക്കോലിനുമാവില്ല. എല്ലാ പ്രതിബന്ധങ്ങളും മറികടന്ന്, അതു പ്രവഹിക്കുക തന്നെ ചെയ്യും.”– അമ്മ ഓർമിപ്പിച്ചു.